4

# “ഇതാ, ദൈവത്തിന്റെ കുഞ്ഞാട് ”

## (1:19- 51)

കുട്ടികളുടെ നല്ലൊരു പുസ്തകമായ *സാറാ, പ്ളെയിൻ ആന്റ് ടാൾ* എന്നതിൽ മെയിനെ എന്ന സ്ഥലത്തു നിന്നു ഒരു സ്ത്രീ ആ കടൽത്തീരം വിട്ടു പ്രെയിറെ എന്ന സ്ഥലത്തേക്കു കത്തിലൂടെ - മണവാട്ടിയായി പോകുവാൻ തീരുമാനിച്ചു. പ്രെയിറെയിലെ രണ്ടു കുട്ടികളുടെ അപ്പന്റെ ഭാര്യയാകുന്നതിനു മുൻപ്, അവൾ അയാളുമായും ആ രണ്ടു കുട്ടികളുമായും കത്തുകൾ കൈമാറിയിട്ടുണ്ട്. അവൾ തന്റെ പൂച്ചയെക്കുറിച്ചും കടലിനെക്കുറിച്ചും അവരോടു പറഞ്ഞിട്ടുണ്ട്, കുട്ടികൾ അവളോടു തലമുടി പിന്നുവാനും പാട്ടു പാടുവാനും അറിയാമോ എന്നു ചോദിച്ചിട്ടുണ്ട്. അവസാനം അവൾ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു കുടുംബത്തിലെ അംഗമാകുവാൻ പടിഞ്ഞാറോട്ടു യാത്ര തിരിച്ചപ്പോൾ, അവൾ എഴുതി,

> പ്രിയ ജേക്കബ്,
>
> ഞാൻ ട്രെയിനിലാണ് വരുന്നത്, ഞാൻ ധരിച്ചിരിക്കുന്നത് മഞ്ഞ ഉടുപ്പാണ്. ഞാൻ ഡംഭമില്ലാത്ത പൊക്കമുള്ള ആളാണ്.
>
> സാറാ[1]

സാറാ ട്രെയിനിൽ വരുന്ന ദിവസം അവർ അവളെ കണ്ടുമുട്ടുന്നതിന്റെ ആവേശം നിങ്ങൾക്കു ഊഹിക്കാമോ? അവരുടെ മനസ്സുകളിലൂടെ എന്തെല്ലാം കടന്നു പോയിരിക്കും? ആ നാടകത്തിൽ ഉൾപ്പെട്ട നാലു പേർക്കും പ്രതീക്ഷിക്കാവുന്നതിനെക്കുറിച്ചു കുറച്ചു ആശയങ്ങൾ മാത്രമേയുള്ളു.

അതേപോലെയുള്ള പരിഭ്രമത്തോടും അനിശ്ചിതത്വത്തോടുമാണ് നമ്മുടെ വേദഭാഗം, യോഹന്നാൻ 1:19–51 ആരംഭിക്കുന്നത്. വലുതും മനോഹരവുമായ ചിലതു ഈ സംഭവത്തിൽ ഉൾപ്പെട്ടിരിക്കുന്നവരിൽ നടക്കുന്നുണ്ട്, പക്ഷെ അതിനോടു എങ്ങനെ പ്രതികരിക്കണം എന്നവർക്കു അറിഞ്ഞുകൂടാ. ചിലതിനു വേണ്ടി ആകാംഷയോടെ കാത്തി

രുന്ന ലോകത്തിലേക്കാണ് യേശു വന്നത്; എന്നാൽ ആ ചിലതു എന്തെന്നു ആളുകൾക്കറിയില്ലായിരുന്നു. ദൃക്സാക്ഷികളുടെ പോരാട്ട കാഴ്ച്ചപ്പാടിലൂടെ നസ്രേത്തുകാരനായ ഈ യേശു വാസ്തവത്തിൽ ആരായിരുന്നുവെന്ന് കാണിക്കുകയാണ് യോഹന്നാന്റെ സുവിശേഷ ത്തിന്റെ ഈ ഭാഗം.

## യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം
## (1:19-34)

യേശു യോഹന്നാനാൽ സ്നാനം ഏല്ക്കേണ്ടതിനു യോർദ്ദാൻ നദി ക്കരികെ എത്തുമ്പോഴേക്കും യോഹന്നാൻ യെഹൂദ്യയിൽ ചലനം സൃഷ്ടിച്ചിരുന്നു. അവന്റെ കർക്കശമായ പ്രവാചകനെ - പോലെയുള്ള പ്രത്യക്ഷതയും, ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്ന പ്രവാച കന്റേതു - പോലെയുള്ള പ്രസംഗവും ആളുകളെ യെരുശലേമിൽ നിന്നും **"**യഹൂദ്യദേശക്കാരൊക്കെയും യോർദ്ദാന്റെ ഇരുകരയിലുമുള്ള എല്ലാ നാട്ടുകാരും**"** പുറപ്പെട്ടു അവന്റെ അടുക്കൽ ചെന്നു (മത്തായി 3:5). തന്റെ അനുയായികളെ മശിഹ മരുഭൂമിയിൽ കൂട്ടിച്ചേർക്കും എന്നു അനേകർ കരുതിയതുകൊണ്ടാകാം,[2] യോഹന്നാൻ സ്നാപകൻ ആരാ യിരിക്കും എന്നു ഊഹിക്കാൻ തുടങ്ങിയത്. ആവേശം മൂത്തപ്പോൾ, യെഹൂദന്മാർ[3] യെരൂശലേമിൽനിന്നു ചില പുരോഹിതന്മാരേയും ലേവ്യ രേയും യോഹന്നാൻ അവനെക്കുറിച്ചു എന്തു പറയുമെന്നറിയുവാൻ അയച്ചു (1:19).

തന്റെ പ്രസംഗത്തിലും സംഭാഷണത്തിലും നേരായി സംശയത്തി നിടകൊടുക്കാതെ യോഹന്നാൻ അർത്ഥമാക്കിയതു പറഞ്ഞു. **"**ഞാൻ ക്രിസ്തുവല്ല**"** എന്നു യെരുശലേമിൽനിന്നു വന്നവരോടു അവൻ പറഞ്ഞു (1:20). കൂടാതെ താൻ ഏലിയാവോ[4] അല്ലെങ്കിൽ മോശെ പറഞ്ഞ പ്രവാചകനോ അല്ല എന്നു പറഞ്ഞു (1:21; നോക്കുക ആവർത്തനപുസ്തകം 18:15). ചുരുക്കത്തിൽ അവർ ആരെ കാത്തിരു ന്നുവോ അവൻ അല്ല താൻ എന്നാണ് പറഞ്ഞത്. തന്നെ തിരിച്ചറിയു വാൻ അവൻ യെശയ്യാവ് 40:3 ഉദ്ധരിച്ചു, **"** 'കർത്താന്റെ വഴി നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു എന്നു പറഞ്ഞു' **"** (1:23). തന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറഴിപ്പാൻ താൻ യോഗ്യനല്ല എന്നും അവൻ പറഞ്ഞു.

തന്റെ വാക്കിനോടും ദൗത്യത്തോടും നീതി പുലർത്തിയവനായിരുന്നു യോഹന്നാൻ. പിറ്റെ ദിവസം, യേശു വരുന്നതു കണ്ടിട്ടു, അവൻ പറ ഞ്ഞു, **"**ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!**"** (1:29). ഈ സുവിശേഷത്തിൽ യേശുവിന്റെ സ്നാനം രേഖപ്പെടുത്തിയി ട്ടില്ലെങ്കിലും, യേശുവിന്മേൽ ദൈവാത്മാവു പ്രാവെന്ന പോലെ ഇറങ്ങിവരു ന്നതു കണ്ടതായി യോഹന്നാൻ സാക്ഷീകരിക്കുന്നുണ്ട് (1:32). അവൻ പിന്നെ ഏറ്റു പറഞ്ഞു, **"**... ഇവൻ ദൈവപുത്രൻ തന്നെ**"** (1:34). യോഹ ന്നാന്റെ കണ്ണിൽ യേശു ഏതെങ്കിലും *ഒരു* ദൈവപുത്രൻ ആയിരുന്നി ല്ല; അവൻ *ഏക* ദൈവപുത്രൻ ആയിരുന്നു. അവൻ ഏതെങ്കിലും *ഒരു* ദൈവകുഞ്ഞാടായിരുന്നില്ല; അവൻ *ഏക* ദൈവകുഞ്ഞാടായിരുന്നു.

### അന്ത്രയോസിന്റെ സാക്ഷ്യം (1:35-42)

അടുത്ത ദിവസം വീണ്ടും യോഹന്നാൻ യേശുവിനെ "ദൈവത്തിന്റെ കുഞ്ഞാടായി" തന്റെ ശിഷ്യന്മാരോടറിയിച്ചു (1:36), അതുകൊണ്ടു അവർ യോഹന്നാനെ വിട്ടു യേശുവിനെ അനുഗമിച്ചു. അവരിൽ ഒരാളായ അന്ത്രയോസ്,[5] യേശുവിനെ "ഗുരു" എന്നു വിളിക്കാൻ തുടങ്ങി (1:38), ഗുരു - ശിഷ്യ ബന്ധത്തിൽ അവൻ അവനെ അനുഗമിക്കാൻ ആഗ്രഹിച്ചു എന്നു വ്യക്തം. അവൻ യേശുവിനെ അനുഗമിക്കുവാനുള്ള കാരണം യേശുവിന്റെ ജ്ഞാനത്തിൽ ആകൃഷ്ടനായതിനേക്കാൾ ആഴമേറിയതായിരുന്നു. അവൻ ഉടനെ തന്റെ സഹോദരനായ ശീമോൻ പത്രൊസിനെ കണ്ടു, "ഞങ്ങൾ മശിഹയെ കണ്ടു" എന്നു പറഞ്ഞു (1:41). വേദഭാഗത്ത് ഇപ്പോൾ, യേശുവിനെ ദൈവത്തിന്റെ കുഞ്ഞാട്, ദൈവപുത്രൻ, ഒരു ഗുരു, മശിഹ എന്നിങ്ങനെ പറഞ്ഞിരിക്കുന്നു.

### ഫിലിപ്പോസിന്റെയും നഥനയേലിന്റെയും സാക്ഷ്യം (1:43-49)

ജീവിതത്തിൽ - മാറ്റമുണ്ടാക്കുന്ന വാക്കുകളാണ് യേശു ഫിലിപ്പോസിനോടു പറഞ്ഞത് "എന്നെ അനുഗമിക്ക" (1:43). ഫിലിപ്പോസ് നഥനയേലിനെ കണ്ടു ഞങ്ങൾ മോശേയും പ്രവാചകന്മാരും വാഗ്ദാനം ചെയ്തവനെ കണ്ടു; അവൻ നസ്രെത്തുകാരൻ യോസേഫിന്റെ മകൻ യേശുവാകുന്നു (1:45). താല്പര്യക്കുറവോടേ, ദോഷം മാത്രം കണ്ടു അവൻ ചോദിച്ചു, "നസ്രെത്തിൽ നിന്നു വല്ല നന്മയും വരുമോ?" (1:46). അവനു വലിയ താല്പര്യമില്ലായിരുന്നെങ്കിലും നഥനയേൽ ഫിലിപ്പൊസിനോടു കൂടെ യേശുവിനെ കാണുവാൻ പോയി. നഥനയേൽ അടുത്തുവരുന്നതു കണ്ടു യേശു, "ഇതാ, സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടം ഇല്ല എന്നു യേശു പറഞ്ഞു!" (1:47). തന്നെ എങ്ങനെ യേശു അറിഞ്ഞു എന്നു അതിശയിച്ചുകൊണ്ടു അവൻ ചോദിച്ചു. യേശുവിന്റെ പ്രതികരണത്തിൽ നഥനേലിനെ അമ്പരപ്പിച്ചു. "ഫിലിപ്പോസ് നിന്നെ വിളിക്കുംമുമ്പെ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" (1:48). ഒരുപക്ഷെ അവൻ അത്തിയുടെ കീഴിൽ ഇരുന്നു പ്രാർത്ഥിക്കുകയോ ധ്യാനിക്കയോ ആയിരിക്കാം ചെയ്തുകൊണ്ടിരുന്നത്, അങ്ങനെ അവന്റെ ഹൃദയവിചാരങ്ങൾ യേശുവിനു അറിയാമെന്നു വ്യക്തമാക്കി. അവന്റെ മാറ്റത്തിനു കാരണം എന്തായാലും, നഥനയേൽ കാഠിന്യമുള്ള, ദോഷം മാത്രം കാണുന്നവനിൽനിന്നു പെട്ടെന്നു താല്പര്യമുള്ള ശിഷ്യനായി മാറി, വളരെ വേഗത്തിലുള്ള ഏറ്റുപറച്ചിലും നടത്തി: "റബ്ബീ, നീ ദൈവപുത്രൻ; നീ യിസ്രായേലിന്റെ രാജാവു എന്നുത്തരം പറഞ്ഞു" (1:49).

യേശുവും ദൃക്സാക്ഷികളും ആദ്യമായി കണ്ടുമുട്ടുന്നതിലൂടെ, അവർ ആ മനുഷ്യനിൽ വിശ്വസിച്ചതിനെ വിവരിക്കുവാൻ ആളുകൾ വാക്കുകൾക്കായി തപ്പിക്കാണും. അവരുടെ കയ്യിൽ അഞ്ചു റെയോൺസ് മാത്രം വെച്ചുകൊണ്ടു ഒരു മനോഹര സൂര്യാസ്തമയം വരക്കുന്നതു പോലെ ("കുഞ്ഞാട്," "ദൈവപുത്രൻ," "റബ്ബീ," "മശിഹ,"

"രാജാവു"). അവർ കണ്ട ബുദ്ധിശക്തിയെ പൂർണ്ണമായി വിവരിക്കുവാൻ അവ മതിയാവുകയില്ല! ഏറ്റവും പ്രധാനപ്പെട്ട ഏറ്റു പറച്ചിൽ വരാനിരിക്കുന്നു, പിന്നീട്, താൻ ആരെന്നു തന്റെ വാക്കുകളിൽ അവൻ പറയുന്നുണ്ട് (4:26).

### യേശുവിന്റെ സാക്ഷ്യം
### (1:50, 51)

ഫിലിപ്പോസ് അവനെ വിളിക്കുംമുമ്പെ അത്തിയുടെ കീഴിൽ വെച്ചു യേശു നഥനയേലിനെ കണ്ടു എന്ന നിസാരമായ കാര്യത്തിൽ അമിതാവേശം കാണിച്ചെന്നു യേശുവിനു ബോധ്യമായതുകൊണ്ട് നീ ഇതിനേക്കാൾ വലിയ അടയാളങ്ങൾ കാണും എന്നു യേശു അവനോടു പറഞ്ഞു: "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് നിങ്ങൾ കാണും എന്നും അവനോടു പറഞ്ഞു" (1:51). അവൻ പറഞ്ഞു, സ്വർഗ്ഗം തുറന്നിരിക്കും. ഗ്രീക്കുഘടന (പ്രെസന്റ് പാർട്ടിസിപ്പിൾ) സൂചിപ്പിക്കുന്നത് സ്വർഗ്ഗം തുറക്കുകയും തുടർച്ചയായി തുറന്നിരിക്കുകയും ചെയ്യുമെന്നാണ്. അതു *തുറന്നു തന്നെ* ഇരിക്കും. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തിന്നു എന്നേക്കും മാറ്റം വരുത്തുമെന്നു നസ്രേത്തുകാരൻ യേശു പറഞ്ഞു! സ്വർഗ്ഗത്തിന്റെ അല്പദർശനമല്ല യേശു നഥനയേലിന്നു വാഗ്ദാനം ചെയ്തത്. മറിച്ചു, സ്വർഗ്ഗീയ തേജസ്സ് യേശുവിൽ എന്നേക്കും വെളിപ്പെടുത്തും എന്നാണ്. പിന്നെ, യേശു തന്നെ "ദൈവപുത്രൻ," എന്നു പ്രഖ്യാപിച്ചു, എന്നതു സുവിശേഷത്തിലെ അവന്റെ സ്വയ - വിശദീകരണമത്രേ. ഈ രസകരമായ പ്രയോഗത്തിനു പഴയനിയമ പശ്ചാത്തലമുണ്ട്. യേശു അതുപയോഗിക്കുവാനുള്ള കാരണം അതു ദുരുപയോഗം ചെയ്തു വഷളാക്കിയിരുന്നില്ല. "മശിഹ" എന്നതും "യിസ്രായേലിന്റെ രാജാവ്" എന്നതും സൈനികലക്ഷ്യാർത്ഥം ഉള്ളതിനാൽ അവ അവനെ ബാധിക്കാതിരിക്കാൻ ശ്രമിക്കയും മറ്റു പദവികൾ നസ്രേത്തുകാരനായ യേശു ആരായിരുന്നു എന്നു ഭാഗികമായി വിവരിക്കുകയും ചെയ്തു. അതുകൊണ്ടു യേശു അവനെ "മനുഷ്യപുത്രൻ" എന്നു വിളിച്ചു. ഈ പദവി അവന്റെ ദൈവികത്വവും മനുഷ്യത്വവും ഒരേ സമയത്തു വെളിപ്പെടുത്തി. പ്രവാചകന്മാർ പറഞ്ഞവൻ താനാണെന്നു വ്യക്തമാക്കിയതോടൊപ്പം തന്റേതായ വാക്കുകളിലൂടെ തന്നെ തിരിച്ചറിയുവാൻ അനുവദിക്കുകയും ചെയ്തു.

### ഉപസംഹാരം

യോഹന്നാന്റെ സുവിശേഷത്തിൽ, നാം ആദ്യം കണ്ടതായ, "നിങ്ങൾ ഇവയേക്കാൾ വലിയ കാര്യങ്ങൾ കാണും" എന്നതു നമുക്കും ബാധകമാണ്. നാം യേശുവിനെ വർഷങ്ങളായി അറിയുന്നുണ്ടെങ്കിലും, നാം അവയേക്കാൾ കൂടുതൽ കാര്യങ്ങൾ കാണും. ആറു വയസ്സു മുതൽ നാം ബൈബിൾ ക്ലാസിനു പൊയ്ക്കൊണ്ടിരുന്നാലും, നാം അവയേക്കാൾ കൂടുതൽ കാണും. ക്രിസ്ത്യൻ സ്കൂളുകളിൽനിന്നു ഡിഗ്രി

കൾ എടുത്തിട്ടുണ്ടെങ്കിലും, നാം അവയേക്കാൾ കൂടുതൽ കാണും. നാം ഓരോ പ്രാവശ്യവും വീണ്ടും നസ്രെത്തുകാരൻ യേശുവിനെ നോക്കുമ്പോൾ, സ്വർഗ്ഗം തുറന്നു തന്നെ ഇരിക്കുന്നതായി നമുക്കു കാണാം.

രണ്ടു വ്യക്തികൾ തമ്മിലുള്ള ഏതു ബന്ധത്തിലായാലും ഒരാൾ മറ്റൊരാളെ മനസിലാക്കാതിരിക്കുന്നതാണ് ഏറ്റവും വലിയ അപകടം. നിങ്ങൾ പരുഷമായി ഉണരുവാൻ കാരണമാകുന്നത് നിങ്ങൾക്കു മറ്റെ ആളുടെ **"**അകവും പുറവും**"** അറിയാം എന്ന ചിന്തയാണ്! തുടർച്ച യായുള്ള പരസ്പരകണ്ടുപിടുത്തങ്ങളാണ് ബന്ധത്തിനു ജീവൻ നല്കുന്നത്. വളരെക്കാലം പരസ്പരം അറിയുന്നവരായാലും അമ്പതു വർഷം ഒരുമിച്ചു ദാമ്പത്യജീവിതം നയിച്ചവരായാലും പിന്നെയും പര സ്പരം പഠിക്കുവാൻ പലതും കാണും. യേശുവിനെക്കുറിച്ചും നിങ്ങൾക്കു അങ്ങനെ തോന്നുന്നുണ്ടോ?

നാം പഠിച്ച വേദപാഠം നമ്മെ ഓർപ്പിക്കുന്നത്, നമ്മുടെ പെട്ടിയിലെ ക്രെയോൺസ് വളരെ ചെറുതാണെന്നാണ്: യേശുവിനെ നിർവ്വചിക്കു വാൻ നമുക്കു വാക്കുകൾ അപര്യാപ്തമാണ്. ഇതു തിരിച്ചറിഞ്ഞു നിങ്ങൾ തുടർച്ചയായി അവനെ അന്വേഷിച്ചുകൊണ്ടിരിക്കുമോ? തുടർച്ച യായി അവൻ നിങ്ങളെ അതിശയിപ്പിക്കുവാൻ അനുവദിക്കുമോ? നിങ്ങളെ ചിലപ്പോൾ ശാസിക്കുവാനും ആശ്വാസമെന്നു നിങ്ങൾക്കു തോന്നുന്നവയെ വെല്ലുവിളിക്കുവാനും അവനു കഴിയും എന്നറിഞ്ഞു, നിങ്ങൾ തുടർച്ചയായി അവനെക്കുറിച്ചു വായിക്കുമോ? അവൻ ആരാ യിരിക്കണം എന്നു നിങ്ങൾക്കു തോന്നുന്നതിനെ മാറ്റി, തന്റെ വാക്കു കളാലും പ്രവൃത്തികളാലും അവനെ നിർവ്വചിക്കുവാൻ നിങ്ങൾ അവനെ അനുവദിക്കുമോ? ഇന്നു നിങ്ങൾ ജീവിതത്തിൽ എവിടെയാ ണെങ്കിലും, ഈ സുവിശേഷത്തിൽ നിങ്ങൾ യേശുവിനെ തുടർന്നും അന്വേഷിക്കുമെങ്കിൽ നിങ്ങൾ **"**ഇവയേക്കാൾ വലിയവ കാണും.**"**

യേശു ഫിലിപ്പൊസിനെ വിളിച്ചപ്പോൾ, വെറുതെ, **"**എന്നെ അനു ഗമിക്ക**"** എന്നു മാത്രമാണ് പറഞ്ഞത്. ഫിലിപ്പൊസിന്റെ ജീവിതത്തിൽ, ആ സമയത്ത് യേശുവിനെക്കുറിച്ചു വളരെ അറിയാതിരുന്നു, കുറച്ചു മാത്രം അറിഞ്ഞിരുന്നു. എന്നിട്ടും അവൻ യേശുവിനെ അനുഗമിച്ചു – അങ്ങനെ, അനുഗമിച്ചതുകൊണ്ടു, ക്രമേണ അവനു യേശു ആരായി രുന്നു എന്നു കാണാൻ കഴിഞ്ഞു. യേശുവിനെ മനസ്സിലാക്കുവാൻ നാം ആഗ്രഹിച്ചാൽ, നാം അവനെ അനുഗമിക്കാൻ തയ്യാറാകണം; കാരണം അനുഗമിച്ചാൽ നാം അവനെ മനസ്സിലാക്കും.

---

കുറിപ്പുകൾ

[1]പട്രീഷ്യാ മാക്ലാച്യൻ, *സാറാ, പ്ളെയിൻ ആന്റ് ടാൾ* **(**ന്യുയോർക്ക്: ഹാർപ്പർ ട്രോഫി, 1985**)**, 15. [2]നോക്കുക പ്രവൃത്തികൾ 21:38. [3]**"**യെഹൂദന്മാർ**"** എന്ന് പ്രയോഗം ഈ സുവിശേഷത്തിൽ നിന്നു പ്രസംഗിക്കുമ്പോൾ വളരെ ശ്രദ്ധിച്ചു നിർവ്വചിക്കണം. ഒരു വർഗ്ഗത്തെ മുഴുവൻ ബാധിക്കുന്ന വാക്യമല്ല, കാരണം യേശുവും ശിഷ്യന്മാരും യെഹൂദന്മാരായിരുന്നു. **"**യെഹൂദന്മാർ**"** എന്നതു ഏറ്റവും നന്നായി

നിർവ്വചിക്കുന്നത് **"യെരുശലേമിലെ യെഹൂദപ്രമാണിമാർ"** എന്നാണ്. ഏതെങ്കിലും പ്രവാചകന്മാർ അവരെ ബോധ്യപ്പെടുത്തിയില്ലെങ്കിൽ നഷ്ടപ്പെടുവാനാണ് സാധ്യത. [4]നോക്കുക മലാഖി 4:5. മത്തായി 11:14-ൽ യേശുപറഞ്ഞു മലാഖിയിൽ സംസാരിച്ച ഏലിയാവ് *ആയിരുന്നു* യോഹന്നാൻ സ്നാപകൻ. യോഹന്നാൻ 1:21-ൽ യേശുപറഞ്ഞതിനെ വൈപരീത്യമല്ല യോഹന്നാൻ സ്നാപകൻ പറഞ്ഞത്, പകരം അവൻ പഴയ നിയമത്തിലെ ഏലിയാവ് ഉയിർത്തെഴുന്നേറ്റു അക്ഷരികമായിവന്നു എന്ന ആശയമാണ് നിക്ഷേധിച്ചത്. [5]സുവിശേഷങ്ങളിൽ ശാന്തനായ വ്യക്തിയായിട്ടാണ് അന്ത്രയോസിനെ പറയുന്നത്; എങ്കിലും മൂന്നുപ്രാവശ്യവും യോഹന്നാന്റെ സുവിശേഷത്തിൽ, ആരെയെങ്കിലും അവൻ യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നു. ആദ്യം പത്രൊസിനെ **(**1:41, 42**)**; പിന്നെ അഞ്ചപ്പവും രണ്ടുമീനും കൊണ്ട് ഒരു ബാല്യക്കാരനെ **(**6:8, 9**)**; അവസാനം, യവനന്മാരെ **(**12:20-22**)**.

---

**യോഹന്നാൻ 3:16**

*വസ്തുത:* **"**ദൈവം ലോകത്തെ സ്നേഹിച്ചു.**"**
*പ്രവൃത്തി:* **"**തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ.**"**
*ഉടമ്പടി:* **"**അവനിൽ - വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു.**"**

---

## പുതിയതു ചിലതു കാണൽ

കുറെ വർഷങ്ങൾക്കു മുമ്പു, ഞാൻ അംഗമായിരുന്ന ഇടവകയിൽ ഞങ്ങൾ ഒരുമിച്ചിരുന്നു പ്രത്യേക ബൈബിൾ - വായനാ പദ്ധതി ഒരുക്കിയിരുന്നു. ഓരോ ആഴ്ച്ചയിലും ഇരുപത്തി - എട്ടു പേജുകൾ വായിക്കുകയും അതിലെ ഒരു ഭാഗത്തെക്കുറിച്ചു ഞാൻ ഞായറാഴ്ച്ച പ്രസംഗിക്കയും ചെയ്യും. ഞങ്ങൾക്കെല്ലാം ദിവസേനയുള്ള ആ ബൈബിൾ വായന അച്ചടക്കപരിശീലനമായി. ആ പഴയ അനുഭവത്തെക്കുറിച്ചു ഓർമ്മിക്കുമ്പോഴെല്ലാം ആ ഇടവകയിലെ ഒരു പ്രായം ചെന്ന മൂപ്പൻ തന്റെ വായനയെ സംബന്ധിച്ചു മുമ്പു ഒരിക്കലും ശ്രദ്ധിച്ചിട്ടില്ലാത്തതു ശ്രദ്ധിക്കയുണ്ടായി എന്നു പറയും, ബൈബിൾ ആദ്യം മുതൽ അവസാനം വരെ പല പ്രാവശ്യം അദ്ദേഹം വായിച്ചിട്ടുണ്ട്, എന്നിട്ടും അദ്ദേഹം വളരെ പഠിക്കേണ്ടതുണ്ട് എന്നു പറയുമായിരുന്നു. അദ്ദേഹത്തിന്റെ ശബ്ദത്തിലെ ആവേശം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്, **"**ഞാൻ ഇതിനു മുമ്പു ഒരിക്കലും അതു കണ്ടിട്ടില്ല!**"** ആ സഹോദരന്റെ മനോഭാവം വായനയോ ബൈബിൾ ക്ലാസിൽ സംബന്ധിക്കുവാനോ താല്പര്യമില്ലാത്തവർ **"**അതെല്ലാം ഞങ്ങൾക്കറിയാം, നാം പറയേണ്ടതു അതു നമുക്ക് എങ്ങനെ പ്രായോഗികമാക്കാം എന്നാണ്!**"**

© 2009 Truth for Today